## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4340 27.06.2013- ൽ മറുപടിക്ക്**

**പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ഈ കാലവർഷക്കെടുതികളിൽ സംസ്ഥാനത്ത് വീടും കൃഷിയും നശിച്ചവർക്ക് അർഹമായ നഷ്ട പരിഹാരം നൽകുന്നതിന് നടപടി കൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ പ്രകാരം അർഹമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ.ഉ(എം.എസ്സ്)നം.343/2012/ഡി.എം.ഡി തീയതി 12.09.2012 പ്രകാരമാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | പ്രകൃതി ദുരന്തങ്ങളിൽ മരണപ്പെടു ന്നവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപയെങ്കിലും നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രകൃതി ദുരന്തങ്ങളിൽ മരണപ്പെടുന്ന വരുടെ കുടുംബങ്ങൾക്ക് നിലവിലുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ പ്രകാരം 1.50 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. എന്നാൽ 21.06.2013 ലെ സ.ഉ(എം.എസ്സ്) നം.270/2013/ഡി.എം.ഡി ഉത്തരവു പ്രകാരം 2013 ലെ തെക്കു പടിഞ്ഞാറൻ മൺസൂൺ മഴക്കെടുതിയിൽ മരണമടഞ്ഞ കുട്ടികളുടെയും മുതിർന്നവരുടെയും കുടുംബങ്ങൾക്ക് യഥാക്രമം 1.50 ലക്ഷം രൂപ വീതവും 2 ലക്ഷം രൂപ വീതവും ധനസഹായമായി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ